പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3123 — 23/03/2015 ൽ മറുപടിക്ക്

താറാവു കർഷകർക്ക് നഷ്ടപരിഹാരം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ.എം. ആരിഫ്: | ശ്രീ. കെ.പി.മോഹനൻ<br>കൃഷിയും മൃഗസംരക്ഷണവും<br>അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി |
| എ) പക്ഷിപ്പനിയുടെ പശ്ചാത്തലത്തിൽ കുട്ടനാടൻ മേഖലയിലെ താറാവ് കൃഷിക്കാർക്കുണ്ടായ സാമ്പത്തിക നഷ്ടം കണക്കാക്കിയിട്ടുണ്ടോ; | എ) പക്ഷിപ്പനിയുടെ പശ്ചാത്തലത്തിൽ കുട്ടനാടൻ മേഖലയിലെ താറാവ് കൃഷിക്കാർക്കുണ്ടായ സാമ്പത്തിക നഷ്ടം കൃത്യമായി കണക്കാക്കിയിട്ടില്ല. എന്നാൽ പക്ഷിപ്പനി സ്ഥിരീകരിച്ച ആലപ്പുഴ ജില്ലയിലെ പുറക്കാട്, തലവടി, അമ്പലപ്പുഴ നോർത്ത് എന്നീ പഞ്ചായത്തുകളിലും ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ ഭഗവതിപ്പാടം എന്ന സ്ഥലത്തും, കോട്ടയം ജില്ലയിലെ കുമരകം,അയ്മനം, ആർപ്പൂക്കര, തലയാഴം , വാഴപ്പള്ളി എന്നീ പഞ്ചായത്തുകളിലും കോട്ടയം മുനിസിപ്പാലിറ്റിയിലും പത്തനംതിട്ട ജില്ലയിലെ പെരിങ്ങര പഞ്ചായത്തിലും കൊല്ലം ജില്ലയിലെ കോർപ്പറേഷൻ പ്രദേശത്തുള്ള കരീപ്പുഴയിലുമായി താറാവു നഷ്ടപ്പെട്ട കർഷകരുടെ നഷ്ടം കണക്കാക്കി പക്ഷിപ്പനിമൂലം മരണപ്പെട്ട താറാവുകളുടെയും രോഗം നിയന്ത്രിക്കാൻവേണ്ടി നശിപ്പിച്ച താറാവുകളുടെയും വില കണക്കാക്കി നഷ്ടപരിഹാരമായി ആകെ 4,21,62,130/- രൂപ നൽകിയിട്ടുണ്ട്. പക്ഷിപ്പനിയുടെ പ്രത്യാഘാതം മൂലം മറ്റു പ്രദേശങ്ങളിലെ കർഷകർക്കുണ്ടായ നഷ്ടം തിട്ടപ്പെടുത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| ബി) | താറാവു കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിലുണ്ടായ വീഴ്ച പരിഹരിക്കാൻ എന്തു നടപടികളാണ് കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കുമോ; | ബി) | താറാവ് കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിൽ വീഴ്ച ഉണ്ടായിട്ടില്ല. അർഹതപ്പെട്ട എല്ലാ താറാവുകർഷകർക്കും നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. |
| സി) | പക്ഷിപ്പനിയുടെ ഭീതിയും സാമ്പത്തിക നഷ്ടവും കാരണം താറാവു കൃഷിക്കാർ കൃഷിയോട് വിമുഖത കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) | ഇല്ല. |
| (ഡി) | താറാവുകൃഷിയുടെ സാധ്യതകൾ മനസിലാക്കി മുന്നോട്ടുവരുന്ന സഹകരണ സംഘങ്ങൾക്ക് സാമ്പത്തിക സഹായവും വായ്പയും നൽകാൻ തയ്യാറാകുമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ